5483

നം.ക്യൂ.ഐ.പി.1/42212/18/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി : 12.07.18

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം- 'ഇലക്ടറൽ ലിറ്ററസി ക്ലബ്ബ്' സ്കൂളുകളിൽ രൂപീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 24.02.2018 ന് ചീഫ് ഇലക്ടറൽ ഓഫീസറുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല യോഗത്തിലെ തീരുമാനം.

നമ്മുടെ തെരഞ്ഞെടുപ്പ് സംവിധാനത്തെക്കുറിച്ചും ജനാധിപത്യ പ്രക്രിയയിൽ തെരഞ്ഞെടുപ്പ് വ്യവസ്ഥയുടെ പങ്കിനെക്കുറിച്ചും കുട്ടികളിലും, പൊതു സമൂഹത്തിലും അവബോധം സൃഷ്ടിക്കുവാൻ ഉതകുംവിധം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾ ആരംഭിയ്ക്കുവാൻ ബഹു. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ നിർദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളുകളിലും ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

9
16/7

AS
16/7/18

1. ഹൈസ്കൂളുകളിൽ 9, 10 ക്ലാസ്സുകളിലെ കുട്ടികളാണ് ഇലക്ടറൽ ലിറ്ററസി ക്ലബ്ബിലെ അംഗങ്ങൾ.
2. എല്ലാ സ്കൂളുകളിലും ഒരു ഹൈസ്കൂൾ അധ്യാപകനെ/അധ്യാപികയെ ഒരു നോഡൽ ഓഫീസറായി നിയമിക്കണം.
3. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുടെ ചുമതലയിൽ നോഡൽ ഓഫീസർമാർക്ക് ജില്ലാതല പരിശീലനം നൽകും.
4. സ്കൂളുകളിൽ നടത്തേണ്ട ക്ലബ്ബ് പ്രവർത്തനങ്ങൾ സംബന്ധിച്ച റിസോഴ്സ് ഗൈഡുകൾ നോഡൽ ഓഫീസർമാർക്ക് ലഭ്യമാക്കും.
5. ഓരോ നോഡൽ ഓഫീസർമാരുടെയും പേരു വിവരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആയത് ക്രോഡീകരിച്ച് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്ക് സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത ലിസ്റ്റിന്റെ കോപ്പി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
6. ജൂലൈ 18 ന് മുൻപായി എല്ലാ ഹൈസ്കൂളുകളിലും ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾ ആരംഭിക്കേണ്ടതാണ്.

P.T.O

7. നോഡൽ ഓഫീസർമാരുടെ ലിസ്റ്റ് ജൂലൈ 18 നു മുൻപായി ഉപഡയറക്ടർമാർ ജില്ലാതല ഇലക്ഷൻ വിഭാഗത്തിനും, പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും കൈമാറേണ്ടതാണ്.

8. ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുമായി ബന്ധപ്പെടാവുന്നതാണ്.

9. എല്ലാ ഗവ./എയ്ഡഡ് ഹൈസ്കൂളുകളിലും ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

*SR- 11.07.2018*